# ജി.എച്ച്.എസ്.എസ്
# കോഴിച്ചാൽ




റവന്യൂ ജില്ല

**കണ്ണൂർ**

വിദ്യാഭ്യാസ ജില്ല

**തളിപറമ്പ്**

ഉപജില്ല

**പയ്യന്നൂർ**

പ്രധാന അധ്യാപകൻ

**ശ്രീ ജ്യോതി ബസു**

# ഡിജിമൊഴി

# EDITORIAL BOARD



# MESSAGE



HEAD MASTER:

## ശ്രീ ജ്യോതി ബാസു

**ജി എച്ച് എസ് എസ് കോഴിച്ചാലിൽ ലിറ്റിൽ കൈറ്റ്സ് പ്രോജക്റ്റിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന "ഡിജിമൊഴി" എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഈ കാലഘട്ടത്തിന് അനുസൃതമായി ഡിജിറ്റൽ വായനയിൽ കുട്ടികളുടെ താൽപര്യം വളർത്താൻ ഈ സമാരംഭം പ്രചോദനമാകട്ടെ എന്നും ആശംസിക്കുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.....**



SANTHOSH M T
(SENIOR ASSISTANT)

# ജി എച്ച് എസ് എസ് കോഴിച്ചാലിൽ ലിറ്റിൽ കൈറ്റ്സ് പ്രോജക്റ്റിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന "ഡിജിമൊഴി" എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു....

## ഗവ ഹയർ സെക്കണ്ടറി സ്കൂൾ കോഴിച്ചാലിന്റെ ചരിത്രത്തിലേക്ക്.......



മലയോര ഗ്രാമമായ കോഴിച്ചാലിൽ 1974 വരെയുണ്ടായിരുന്ന ഏക വിദ്യാഭ്യാസ സ്ഥാപനം. 1957ൽ സ്ഥാപിതമായ മാനേജ്മെന്റ് എൽ .പി .സ്കൂൾ ആയിരുന്നു. 1974 ൽ അന്നത്തെ പയ്യന്നൂർ നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്ന കോഴിച്ചാലിൽ, എം.എൽ.എ. ആയിരുന്ന പരേതനായ എ.വി. കുഞ്ഞമ്പുവിന്റെ പ്രത്യേക താല്പര്യ പ്രകാരം ഗവ യു.പി. സ്കൂൾ അനുവദിക്കപ്പെട്ടു . ഒന്നര ഏക്കർ സ്ഥലവും മൂന്നു ക്ലാസ് മുറികളും നാട്ടുകാർ നൽകണമെന്നായിരുന്നു വ്യവസ്ഥ. 1974–75 അധ്യയനവർഷത്തിൽ കെട്ടിടം പൂർത്തിയാകുന്നതുവരെ മീന്തുള്ളി സെന്റ് ജോർജ് യാക്കോബായ പള്ളി ഹാളിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്.

1977ൽ കോഴിച്ചാൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിന്റെ ഭാഗമായി. കാസർഗോഡ് പാർലമെന്റ് അംഗം ശ്രീ. പി.കരുണാകരൻ എം.എൽ.എ ആയിരുന്നപ്പോൾ 1981ൽ അദ്ദേഹത്തിന്റെ ശ്രമഫലമായി സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.വീണ്ടും ഒന്നര ഏക്കർ സ്ഥലവും 100 അടി കെട്ടിടവും നാട്ടുകാർ തയ്യാറാക്കി. 1990 വരെ ഓല മേഞ്ഞ താൽക്കാലിക ഷെഡ്ഡുകളിലാണ് ഭൂരിഭാഗം ക്ലാസ്സുകളും പ്രവർത്തിച്ചിരുന്നത്. 5മുതൽ 9വരെ ക്ലാസുകളിൽ 4 ഡിവിഷനുകളും പത്താം ക്ലാസിൽ 3 ഡിവിഷനുകളും പ്രവർത്തിച്ചിരുന്നു. സമീപ പ്രദേശങ്ങളിൽ അൺ എയ്ഡഡ് സ്ഥാപനങ്ങൾ ആരംഭിച്ചതോടെ കുട്ടികളുടെ എണ്ണം കുറയുകയുണ്ടായി.

ജില്ലാ പഞ്ചായത്തുകൾക്ക് ഹൈസ്കൂളുകൾ കൈമാറിയതോടെ ജില്ലാ പഞ്ചായത്ത് ധന സഹായവും പി.ടി,എ യുടെ സാമ്പത്തിക കായിക അദ്ധ്വാനവും ഒരുമിച്ചപ്പോൾ മുഴുവൻ ക്ലാസ്സുകളും സ്ഥിരം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ ഗ്രാമീണ മേഖലയിലെ ആദ്യ സ്കൂളായി നമ്മുടെ സ്കൂൾ മാറ്റപ്പെട്ടു.

1998 ൽ തൃക്കരിപ്പൂർ എം എൽ എ ആയിരുന്ന ശ്രീ കെ.പി സതീഷ് ചന്ദ്രന്റെ സഹായത്താൽ ജി.എച്ച്.എസ്.എസ് കോഴിച്ചാൽ ഹയർ സെക്കന്ററി ആയി ഉയർത്തപ്പെട്ടു. 2സയൻസ് ബാച്ചുകളും 1 ഹ്യുമാനിറ്റീസ് ബാച്ചുമാണ് അനുവദിക്കപ്പെട്ടത്. ബഹു.കേരള വിദ്യാഭ്യാസ മന്ത്രി പി.ജെ. ജോസഫ് ഹയർ സെക്കന്ററി സ്കൂൾ ഉദ്ഘാടനം ചെയ്തു. എം.പി ഫണ്ടുപയോഗിച്ച് നിർമ്മിച്ച ലബോറട്ടറി സമുച്ചയവും ജില്ലാ പഞ്ചായത്ത് നിർമ്മിച്ച ഇരുനില കെട്ടിടവും പൂർത്തിയായതോടെ ഹയർ സെക്കന്ററിയിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കപ്പെട്ടു.

പാഠ്യ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ ഈ വിദ്യാലയം എന്നും മുൻപന്തിയിലായിരുന്നു.1997ൽ കേരളത്തിൽ ആദ്യമായി 100 സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിച്ചപ്പോൾ അതിലൊന്നായി നമ്മുടെ ഹൈസ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ എം . വിജയകുമാർ ആദ്യ കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം നിർവഹിച്ചു. 2013 മുതൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിച്ചു. കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെയും സംസ്ഥാന യുവജനകാര്യ വകുപ്പിന്റെയും ധന സഹായത്തോടെ 2തവണകളായി സ്കൂളിന്റെ കളിസ്ഥലം വികസിപ്പിക്കാൻ പി.ടി.എ യ്ക്ക് കഴിഞ്ഞു.






1984ലെ ആദ്യ എസ്.എസ്.എൽ.സി ബാച്ച് മുതൽ 2017 വരെ എസ്.എസ്.എൽ.സി പരീക്ഷയിലും 2000 മുതൽ 2017 വരെ ഹയർ സെക്കന്ററിയിലും നേടിയ ഉന്നത വിജയം നമ്മുടെ വിദ്യാലയത്തിന്റെ യശസ്സുയർത്തി. അക്കാദമിക്കിലും അത്ലറ്റിക്സിലും കണ്ണൂർ ജില്ലയിലെ അനിഷേധ്യ ശക്തിയായി നമ്മുടെ വിദ്യാലയം ഇന്നും നിലകൊള്ളുന്നു.

ഇപ്പോൾ പയ്യന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ജി.എച്ച്. എസ്.എസ് കോഴിച്ചാലിൽ ബഹു. പയ്യന്നൂർ എം.എൽ.എ. ശ്രീ സി. കൃഷ്ണന്റെ ആസ്തി വികസന ഫണ്ടിൽ നിന്നനുവദിച്ച 25 ലക്ഷം രൂപയുടെ മിനി ഓഡിറ്റോറിയവും ഹൈസ്കൂൾ ക്ലാസ്സുകളിലെ ശാസ്ത്ര വിഷയങ്ങൾക്കായി ശാസ്ത്ര പോഷിണി സഹായത്തോടെ തയ്യാറാക്കിയ ഫിസിക്സ് ,കെമിസ്ട്രി ബയോളജി ലാബുകളും പൂർത്തീകരിക്കപ്പെടുന്നതോടെ പാഠ്യ അനുബന്ധ സൗകര്യങ്ങളുടെ കാര്യത്തിൽ നമ്മുടെ വിദ്യാലയം ബഹുദൂരം മുൻപന്തിയിൽ ആകും.

നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരിക, സാമ്പത്തിക മണ്ഡലങ്ങളിൽ ഒരു പുത്തനുണർവ്വിനു ഈ സ്ഥാപനം നിമിത്തമായിട്ടുണ്ട്. ഇന്ത്യയിലും വിദേശ രാജ്യങ്ങളിലുമായി വ്യത്യസ്ത മേഖലകളിൽ പല ഉന്നത പദവികളും വഹിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ ജി.എച്ച്.എസ്.എസ് കോഴിച്ചാലിന്റെ അഭിമാന സ്തംഭങ്ങളാണ്.

ഹൈജംപ് പ്രാക്ടീസിനായി ജില്ലാ പഞ്ചായത്ത് നൽകിയ ഹൈജംപ് ബെഡ് , ഏതാനും പൂർവ്വ വിദ്യാർത്ഥികൾ ചേർന്ന് കായിക താരങ്ങൾക്ക് പരിശീലനത്തിനായി ഒരുക്കിയ ജിംനേഷ്യം ,പൈക ഫണ്ടുപയോഗിച്ച് നിർമ്മിച്ച ബാസ്കറ്റ്ബാൾ കോർട്ട് , പി.ടി.എ റോട്ടറി ഇന്റർനാഷണലുമായി ചേർന്ന് പി.ടി.എ തയ്യാറാക്കിയ സ്മാർട്ട് ക്ലാസ്സ്റൂം എന്നിവ എടുത്തു പറയേണ്ടവയാണ്. ബാസ്കറ്റ്ബോൾ കോർട്ടിന്റെ നിർമ്മാണത്തിനായി നടത്തിയ 24 മണിക്കൂർ തുടർച്ചയായ ശ്രമദാനം നാട്ടുകാർക്ക് ഈ വിദ്യാലയത്തോടുള്ള ഹൃദയ ബന്ധത്തിന്റെ മികച്ച ഉദാഹരണമാണ്

# കൂട്ടുകാരുടെ
# രചനകളിലേക്ക്....



# എൻെറ ചിന്തകൾ

എൻ ഹൃദയത്തിനകതാരിലെവിടെയോ...
പ്രതീക്ഷതൻ ചെറുവല്ലരി
മൊട്ടിട്ടുപൂവായ് വിരിയുന്നുവല്ലയോ...
അതെൻ സ്വപ്നങ്ങളാവാം.. ചിന്തകളാവാം...
നാളെയുടെ പ്രതീക്ഷതൻ മാനസകോട്ടകളാവാം...
ഞാൻ കാണുന്ന സ്വപ്നത്തിൻ
പുതുപുലരിയാണോ...
നന്മയുടെ നറുതേൻ വസന്തമാണോ...
ദുർഗന്ധം വമിക്കുമീ സമൂഹനീതിയോടുള്ള
എൻ ചിത്തത്തിലെ അമർഷമാണോ...
കണ്ണുതുറക്കാത്ത നീതിയോടുള്ള
എന്റെ മനസ്സിന്റെ കോപമാണോ...
അല്ലയോ മാനുഷ്യജന്മേ...
നിന്നുള്ളിൽവിരിയുന്നില്ലേയീ പൂക്കൾ..
നിന്നുള്ളിൽ നന്മതൻ പക്ഷികൾ ചിറകടിക്കുന്നില്ലേ...
ഉണരൂനീ വേഗം  പ്രതീക്ഷതൻ പുതുപുലരി കാണുാ...

**നിവേദ്യ അശോക്   9B**

# മാമ്പഴം

എന്റെ മാമ്പഴം ചക്കര മാമ്പഴം
മഞ്ഞ നിറമുള്ള ചക്കരമാമ്പഴം
മാവുമരം തന്ന മഞ്ഞ മാമ്പഴം
പഴുത്ത മാമ്പഴം എനിക്കിഷ്ടം പഴുത്ത മാമ്പഴം
അണ്ണാനിഷ്ടം പഴുത്ത മാമ്പഴം
എനിക്കിഷ്ടം ചക്കരമാമ്പഴം
കൂട്ടുകാർക്കെല്ലാം ഓരോ മാമ്പഴം
എൻറെ മാമ്പഴം ചക്കര മാമ്പഴം

ശ്രേയ ടി.എസ്
6B

# രവീന്ദ്രനും മഹീന്ദ്രനും

രവീന്ദ്രനും മഹീന്ദ്രനും സഹോദരങ്ങളാണ്. രവീന്ദ്രൻ ഒരു കഠിനാധ്വാനിയാണ്. മഹീന്ദ്രനോ അലസനും. രവീന്ദ്രന്റെയും മഹീന്ദ്രന്റെയും അച്ഛൻ വൃദ്ധനായി. ഇരുവർക്കും രണ്ട് മത്തങ്ങകൾ കൊടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ഈ മത്തങ്ങ നിങ്ങൾ വെള്ളമോ പാലോ ഉള്ളിടത്ത് വച്ച് തുറക്കണം. ഇതേപ്പറ്റി വ്യാഖ്യാനിക്കാൻ കഴിയാതെ അദ്ദേഹം മരണപ്പെട്ടു . അച്ഛന്റെ സ്വത്ത് മുഴുവൻ അവർ ചിലവാക്കി .അങ്ങനെ അവിടെ വേനൽക്കാലമായി. ഒരു തുള്ളി വെള്ളം പോലും കിട്ടാതായി . ഇരുവരും മത്തങ്ങകൾ കൊണ്ട് വെള്ളം തേടി നടപ്പായി. മഹീന്ദ്രൻ കുറച്ചു നടന്നപ്പോൾ ക്ഷീണിച്ചു. മത്തങ്ങ പച്ചക്കും തിന്നാമെന്നു കരുതി അദ്ദേഹം അതൊരു വെള്ളമില്ലാത്തിടത്തുവെച്ച് തുറന്നു. പെട്ടെന്നൊരു സുന്ദരിയായ കന്യക അവന്റെ മേൽ വന്നു പതിച്ചു. "എനിക്ക് വെള്ളം തരൂ" അവൾ പറഞ്ഞു. എന്നാലവന് വെള്ളം കൊടുക്കാൻ സാധ്യമായില്ല .അവൾ അവിടെ പിടഞ്ഞു മരിച്ചു. രവീന്ദ്രൻ നടന്ന് നടന്ന് ക്ഷീണിച്ചെങ്കിലും അച്ഛന്റെ വാക്കുകൾ അവൻ്റെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു. അവസാനം അവൻ ഒരു നീരുറവയുടെ അടുത്തെത്തി. അവൻ മത്തങ്ങ തുറന്നു. ഒരു സുന്ദരിയായ കന്യക പ്രത്യക്ഷപ്പെട്ട് പറഞ്ഞു." എനിക്ക് വെള്ളം തരൂ". അവൻ വെള്ളം കൊടുത്തു. അവൻ അവളെ ഭാര്യയായി സ്വീകരിച്ചു. അവളുടെ ബുദ്ധി സാമർത്ഥ്യത്താൽ അവർ ധനികരായി. മഹീന്ദ്രനോ ഭാര്യയെ നഷ്ടപ്പെട്ട വേദനയിൽ തെരുവിൽ കിടന്ന് മരിക്കുകയും ചെയ്തു.


മാർവൽ ട്രീസ ജോജോ
(5B)



# പ്രകൃതി

പണ്ട് പണ്ട് പ്രകൃതി ആസ്വദിക്കുന്ന ഒരു കുട്ടി ഉണ്ടായിരുന്നു. ആ കുട്ടി എന്നും പ്രകൃതി ആസ്വദിക്കാൻ കാട്ടിൽ പോകുമായിരുന്നു. അവൻ നടക്കാൻ ചെരുപ്പ് പോലും ഉപയോഗിച്ചിരുന്നില്ല. ഒരു ദിവസം അവൻ കാട്ടിൽ ചെന്നപ്പോൾ കുറെ മരങ്ങൾ അവിടെ മുറിച്ചിട്ടിരിക്കുന്നു. അവൻ അവിടെ ഒരു പോസ്റ്റർ തയ്യാറാക്കി ആ കാട്ടിൽ ഒട്ടിച്ചിരുന്നു. അതൊന്നും കാര്യമാക്കാതെ അവർ അടുത്ത ദിവസം ആ മരം മുറിച്ചു. അപ്പോൾ ആ കുട്ടിക്ക് ഒരാശയം തോന്നി. ഒരു വലിയ സിംഹത്തെ വരച്ച് അവിടെ വച്ചു. അവർ മരം മുറിക്കാനായി വന്നു. നിങ്ങൾ ഈ മരം മുറിച്ചാൽ ഈ സിംഹം നിങ്ങളെ കൊല്ലും. എന്ന് പ്രകൃതിയെ സ്നേഹിച്ചിരുന്ന കുട്ടി പറഞ്ഞു. അവർ ചോദിച്ചു നിന്നെ ആ സിംഹം കൊല്ലുന്നതിന് മുമ്പ് നീ ഓടി രക്ഷപ്പെടാത്തതെന്തേ. കുട്ടി മറുപടി പറഞ്ഞു. ഈ സിംഹം എന്നെ കൊല്ലില്ല കാരണം ഈ സിംഹത്തിന്റെ കാടിനെയാണ് ഞാൻ എന്നും ആസ്വദിക്കാൻ വരുന്നത്. അതുകൊണ്ടാണ് ഈ സിംഹം എന്നെ കൊല്ലാത്തത്. അപ്പോൾ അവർ അവരുടെ തെറ്റ് മനസ്സിലാക്കി. അവർ അവന്റെ മുന്നിൽ മുട്ടുകുത്തി. അവൻ അവരോട് പറഞ്ഞു. രണ്ടു മരം മുറിക്കുന്നതിനേക്കാൾ നാലു മരം നടുക. അതുകേട്ടത് മുതൽ അവർ ഇതുവരെ മരം മുറിച്ചില്ല. അവരും ഒരു പ്രകൃതി സ്നേഹിയായി മാറി. അവർ മരം നട്ടുപിടിപ്പിച്ച് നല്ലവരായി മാറി.

ജോർജ് ബിജു (8A)



# എന്റെ മനസ്സ്

ആ മഞ്ഞുതുള്ളി പിറന്നതോ
ഈ മനസ്സാം ഇലകൾ
തൻ കുടക്കീഴിൽ
ആ ഹേമന്തം വന്നുദിച്ചതും
മനസ്സാം വിഹായസ്സിൽ നിന്നും
ചിറകേറ്റ പറന്നീടാൻ കൊതി-
യുണ്ട് മെല്ലെയത്ര കിളികളെ
പോലെ എനിക്കും
മഞ്ഞു വീണിട്ടും മടുത്തില്ല
നോവിനത് തോൽവിതൻ സങ്കല്പമായി
അന്നു നീയെൻ മനസ്സിലെ പ്രകാ-
ശമായി വന്നു ഉദിച്ചതും
ഞാൻ മറന്നില്ല.
ഈ മനസ്സിനെ ഉയരേക്ക് പറത്താൻ ഇന്നെനി-
ക്കാത്മവിശ്വാസവും
തന്നതും നീ

അനുഗ്രഹ ഉണ്ണികൃഷ്ണൻ (8 A)



# ഉപകാരം

ഒരിടത്ത് ഒരു ഗ്രാമത്തിൽ മൂന്ന് പട്ടിക്കുട്ടികൾ ഉണ്ടായിരുന്നു. മൂവരും നല്ല ചങ്ങാതിമാർ ആയിരുന്നു. ഒരു ദിവസം പട്ടിക്കുട്ടികൾ കാട് ചുറ്റാൻ ഇറങ്ങി. കാഴ്ചകൾ എല്ലാം കണ്ടു മടങ്ങുന്ന നേരത്ത് പട്ടിക്കുട്ടികൾ ഒരു കാഴ്ച കണ്ടു. ഒരു പാവം പൂമ്പാറ്റ നിലത്തു വീണു കിടക്കുന്നു. പട്ടിക്കുട്ടിയിൽ ഒരാൾ പറഞ്ഞു. കൂട്ടരേ നമുക്ക് ആ പാവം പൂമ്പാറ്റയെ രക്ഷിക്കാം. പട്ടിക്കുട്ടികൾ ഓടിച്ചെന്ന് ആ പൂമ്പാറ്റയെ എടുത്തു. എന്നിട്ട് അവർ പൂമ്പാറ്റയെയും കൊണ്ട് വീട്ടിലേക്ക് പോയി. ആ പൂമ്പാറ്റയ്ക്ക് അവർ മരുന്ന് നൽകി. ആ പൂമ്പാറ്റയെ അവർ രക്ഷിച്ചു. പൂമ്പാറ്റ പറഞ്ഞു "നന്ദി കൂട്ടരേ എൻറെ ജീവൻ രക്ഷിച്ചതിന് ഒരുപാട് നന്ദി"...ഒരു പട്ടിക്കുട്ടി ചോദിച്ചു. നീ ഞങ്ങളുടെ കൂടെ താമസിക്കുമോ? എന്ന്.... പൂമ്പാറ്റ സമ്മതം പറഞ്ഞു. പിന്നീട് അവർ ഒരുമിച്ച് താമസിച്ചു. നാലു കൂട്ടരും സന്തോഷത്തോടെ ഒരുപാട് കാലം ജീവിച്ചു.

ശ്രേയ ടി. എസ്. 6B





# പൂവ് തെളിയിച്ച സത്യം

ഒരിക്കൽ ഒരു മുത്തശ്ശനും മുത്തശ്ശിക്കും ഒരു മകൻ ഉണ്ടായിരുന്നു. ആ മകന് ഒരു കുഞ്ഞു ഉണ്ടായപ്പോഴേക്കും ആ കുഞ്ഞിനെ മുത്തശ്ശിയുടെയും മുത്തച്ഛന്റെയും കരങ്ങളിൽ ഏൽപ്പിച്ച് അവൻ വിദേശത്തേക്ക് പറന്നു. ആ കുഞ്ഞിനെ നോക്കാനായി ഒരു ജോലിക്കാരിയെയും മാതാപിതാക്കൾ ഏർപ്പെടുത്തി. ഗ്രേസി എന്നായിരുന്നു ആ ജോലിക്കാരിയുടെ പേര്. എല്ലാ ദിവസവും അവൾ കുഞ്ഞിന്റെ കാര്യങ്ങൾ കൃത്യമായി ചെയ്യുമായിരുന്നു. ഒപ്പം അവരുടെ പൂന്തോട്ടം പരിപാലിക്കുകയും ചെയ്യും. അങ്ങനെ അതിലെ പൂക്കൾ വളർന്നുകൊണ്ടേയിരുന്നു. ഒപ്പം ആ മാലാഖ കുഞ്ഞും. ഒരുനാൾ ആ മുത്തശ്ശനും മുത്തശ്ശിയും ഗ്രേസിയുടെ കയ്യിൽ കുഞ്ഞിനെ ഏൽപ്പിച്ച് ഒരു സ്ഥലത്ത് പോയി. തന്റെ കൊച്ചുമകളെ സ്കൂളിൽ വിടണം എന്നു പറഞ്ഞു. വൈകുന്നേരം ആ കുഞ്ഞ് സ്കൂളിൽ പോയി വന്നപ്പോഴേക്കും അവർ ഒരുപാട് മധുര പലഹാരങ്ങൾ കൊണ്ടുവന്നു. കുളികഴിഞ്ഞ് ആ കുട്ടി സ്വാദോടെ അത് കഴിച്ചു. ആ മധുരത്തോടൊപ്പം ഒരു സ്നേഹ ചുംബനവും കുഞ്ഞ് മുത്തശ്ശിക്ക് നൽകി. അതുപോലെ തന്നെ പിറ്റേ ദിവസം അവർ ഒരു കല്യാണത്തിനു പോയി. കുട്ടിയെ ശ്രദ്ധിക്കണമെന്നും ആവശ്യപ്പെട്ടു. ഗ്രേസി അവളെ അവർ പറഞ്ഞതുപോലെ ഒരുക്കി സ്കൂളിൽ വിട്ടു. വൈകുന്നേരം കുട്ടി വന്നപ്പോൾ കുട്ടിയുടെ ശരീരത്ത് ഉണ്ടായിരുന്ന ആഭരണങ്ങളോടുള്ള വ്യാമോഹത്താൽ ആ ആഭരണങ്ങളെല്ലാം ഗ്രേസി കൈക്കലാക്കി. എന്നിട്ട് ഒരു കുഞ്ഞ് ഭാവിതലമുറയുടെ വാഗ്ദാനമാണ് എന്നുപോലും ഓർക്കാതെ അവളെ കൊന്ന് മണ്ണിൽ കുഴിച്ചുമൂടി. ഒരു റോസാക്കമ്പും അതിൻറെ മുകളിൽ വച്ചു. മുത്തശ്ശനും മുത്തശ്ശിയും പതിവുപോലെ കൊച്ചുമകൾക്ക് ഇഷ്ടപ്പെട്ട മധുരവുമായി വന്നപ്പോഴേക്കും കുട്ടിയെ കാണാനില്ല. ഗ്രേസി കുട്ടി ഇതുവരെ സ്കൂൾ കഴിഞ്ഞു വന്നില്ല എന്ന് നുണയും പറഞ്ഞു. മാതാപിതാക്കളെയും പോലീസിനെയും വിവരമറിയിച്ചു. എന്നിട്ടും കുഞ്ഞിനെക്കുറിച്ച് ഒരു വിവരവുമില്ല. കുറച്ചു മാസങ്ങൾക്ക് ശേഷം ആ റോസാച്ചെടിയിലെ പൂവ് വിരിഞ്ഞു ചുവന്ന തുടുത്ത് മുത്തശ്ശിയെ നോക്കി പുഞ്ചിരിക്കുന്നതായി തോന്നി. കൗതുകത്തോടെ ആ പൂവിനെ മുത്തശ്ശി ചുംബിച്ചു. അപ്പോൾ ആ പൂവ് ഇങ്ങനെ പാടി

"തൊട്ടുകൂടാ മുത്തശ്ശി
ആറാമണി നേരത്ത്
ഗ്രേസി ചെയ്ത പാപം"

ഇത് കേട്ട് അതിശയത്തോടെ ഒരുവട്ടം കൂടി ചുംബിച്ച മുത്തശ്ശിയെ നോക്കി പൂവ് പിന്നെയും പാടി. പോലീസിനെ ഉടനടി വിളിച്ചു. ഇതുപോലെ പിന്നെയും ആവർത്തിച്ചു. പോലീസ് ഗ്രേസിയെ വിളിച്ചു. അവൾ ചുംബിച്ചപ്പോൾ പിന്നെയും പാടി.

"തൊട്ടുകൂട ഗ്രേസി
ആറാ മണി നേരത്ത്
നീ ചെയ്ത പാപം"

സത്യം മനസ്സിലാക്കിയ പോലീസ് അവളെ അറസ്റ്റ് ചെയ്തു. എങ്കിലും ആ കുടുംബം ആ പൂവിനെ നോക്കി വിങ്ങിപ്പൊട്ടി.

ഗുണപാഠം : അത്യാഗ്രഹം ആപത്ത്


ലിയോണ ഡേവിഡ് (9 B)

# പ്രകൃതിസൗന്ദര്യം

പ്രകൃതി തരുന്ന നമ്മൾക്ക്
മണ്ണും വിണ്ണും ഒരു ഉണർവ് പോലായി
ഈ പ്രകൃതിയിൽ ഒരു മഞ്ഞുതുള്ളിക്ക്
പോലും വിലയധികം.
പ്രകൃതിയുണ്ടെങ്കിൽ മാത്രമേ മനുഷ്യനുള്ളൂ..
ഒരു മഴത്തുള്ളിയെ പോലും നോക്കിയിരിക്കാൻ
എന്തു രസമാണ്. ഈ ഭൂമിയിലൂടെ ഇനി ദേവതകൾ
പോകുന്നെങ്കിൽ അവരെ സൗന്ദര്യം
നോക്കി നിന്നുപോകും.
പ്രകൃതിയാണ് നമ്മുടെ അമ്മ
പ്രകൃതിയാണ് ഭൂമിയുടെ സൗന്ദര്യം......

-ദേവിക ദിവാകരൻ (6B)




മഴ വന്നേ
മഴ വന്നു മഴ വന്നു ഇടിമിന്നൽ പടയുമായി...
മഴ വന്നു മഴ വന്നു ഇടിമിന്നൽ പടയുമായി...
പുഴ നിറഞ്ഞു കുട തുറന്നു.
പലകുട വഴിനീളെ നടന്നു...
മയിലിന്റെ മാനിൻ്റെ ക്ലുകും കുയിലിന്റെ ആഹ്ലാദം
കണ്ടില്ലേ കണ്ടില്ലേ വാടിക്കരിഞ്ഞ ചെടികളെല്ലാം
പൂത്ത നിലയുമായി ആടിയുലഞ്ഞേ
തത്തമ്മ കിളി കൂട്ടിലിരുന്നേ...
മരങ്ങളെല്ലാം ആടിയുലഞ്ഞേ കാറ്റ് എത്തി
കൂട്ടിനായി
പൊടിപൂരം...
ശ്രേയ ടി എസ്

# പുലരി

നിറമാർന്ന കിരണങ്ങൾ എൻ മുഖത്ത് തട്ടുന്നു
നിന്നെ ഞാൻ കാണുന്നു പൊൻ സൂര്യാ..
ഇളം കാറ്റ് വീശുന്നു,ഇലകൾ അനങ്ങുന്നു
ഇന്നത്തെ പുലരിക്കിന്നെന്തുചന്തം

പൂമണം പരക്കുന്നു,മൊട്ടുകൾ വിരിയുന്നു
പക്ഷികൾ മാനത്ത് പാറിടുന്നു
തണുപ്പത്തെൻ മുറ്റത്ത് തളിരിട്ടു നിന്നയെൻ
തുമ്പപ്പൂവൊന്ന് ഞാൻ തൊട്ടിടട്ടെ

പുതിയ പുതിയ ആ കിരണങ്ങൾ ലോകത്ത്
പുതിയ പ്രതീക്ഷകൾ പകരുന്നെല്ലോ..
കിളികൾ തൻ തേന്തൂറും ഗീതങ്ങൾ കേട്ടതാ
കുഞ്ഞിമരച്ചില്ല ആടിടുന്നു

മഞ്ഞക്കിരണങ്ങൾ ഉദിക്കുന്ന നേരത്ത്
മഞ്ഞിൻ തുള്ളിയേ ഞാൻ കണ്ടിടുന്നു
വിരിയുന്ന പൂവിനെ ചെന്നോന്ന് തൊട്ടപ്പോൾ
വിടരും പ്രതീക്ഷയും കണ്ടിടുന്നു...

ജിവ ബൈജു
9b

# നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാളുകൾ

മഴ ആർത്തിരമ്പി പെയ്യുകയാണ്. മഴ കാണാൻ എന്തൊരു ചന്തമാണ്. മോളെ വേഗം പല്ല് തേക്ക്... എന്നിട്ട് ചായ കുടിക്കൂ.... അടുക്കളയിൽ നിന്ന് അമ്മ വിളിച്ചു പറയുന്നുണ്ട് . കറൻറ് ഇടയ്ക്ക് പോകുന്നുണ്ട്. അമ്മു പതിയെ എഴുന്നേറ്റ് മുൻവശത്തു വന്നു. നല്ല മഴ. വീടിനു മുന്നിൽ ഒരു തോട് പോലെ ഒഴുകുന്ന റോഡ്. മഴ കുറയുകയാണെങ്കിൽ ഒരു കടലാസ് തോണി അതിലേക്ക് ഒഴുക്കാമായിരുന്നു. പക്ഷേ റോഡിലേക്ക് ഇറങ്ങിയാൽ അമ്മ വഴക്കു പറയും. ആളുകൾ നടക്കുന്നിടത്തേക്കാണോ പോകുന്നത്? അച്ഛൻറെ ചോദ്യവും ഉണ്ടാകും. അമ്മുവിൻറെ അനിയൻ അപ്പു രാവിലെ കളർ ചെയ്യുകയാണ്. നഴ്സറിയിലെ കളറിംഗ് പുസ്തകം മുഴുവൻ കിട്ടിയത് അവൻ കളർ ചെയ്തു തീർക്കുകയാണ്. അതിനിടയിൽ ഒരു കുട്ടി പൂക്കുടയും ചൂടി റോഡിലൂടെ പോകുന്നു. അവൻ വേഗം അമ്മയെയും കൂട്ടി വീടിനു മുന്നിൽ വന്നു. അമ്മേ എനിക്കും കുട വേണം. എനിക്ക് നഴ്സറിയിൽ പോകണം. എനിക്കും അതുപോലെ മഴവെള്ളം തെറുപ്പിച്ച് നടക്കണം. അപ്പു വാശി പിടിച്ചു കരഞ്ഞു. ഇപ്പോൾ കുട്ടികളുടെ കുട പോലും കടയിൽ കിട്ടാനില്ലത്രേ അച്ഛൻ അമ്മയോട് പറയുന്നത് കേട്ടതാണ്. കുട്ടികൾ എവിടെയും പോകുന്നില്ലല്ലോ. അമ്മു സമാധാനിപ്പിക്കാൻ നോക്കി



പാവം അപ്പു അവന് ഇതുവരെയും ഒരു കൂട്ടുകാരും ഇല്ല. ടീച്ചറിനെയും കണ്ടിട്ടില്ല. നഴ്സറി എന്താണെന്ന് പോലും അവന് അറിയില്ല.കൂട്ടുകാരോടൊത്ത് അവന് ഭക്ഷണം കഴിക്കാനോ, കളിക്കാനോ, ഉറങ്ങാനോ ഒന്നും സാധിച്ചിട്ടില്ല. ഞാൻ പറഞ്ഞിട്ടുള്ള അറിവ് അവനുള്ളൂ. എനിക്കാണെങ്കിൽ നഴ്സറിയിൽ പോകാൻ പറ്റി. കുറെ കൂട്ടുകാരും ഉണ്ടായിരുന്നു. ഒന്നിച്ചിരുന്ന് ഞങ്ങൾ ഭക്ഷണം കഴിക്കുകയും, ഉറങ്ങുകയും, കളിക്കുകയും ചെയ്യുമായിരുന്നു. കൂട്ടുകാരോടൊത്ത് കളിച്ചും രസിച്ചും പഠിച്ചും ദിവസങ്ങൾ മുന്നോട്ടുപോകുന്നതേ ഇല്ലായിരുന്നു. ഇതെല്ലാം അപ്പുവിന് ഓർമ്മകൾ മാത്രമാണല്ലോ.

അവൾക്കാണെങ്കിൽ സങ്കടം വന്നു. ഇനി നഴ്സറിയിൽ അവനു പോകാൻ പറ്റില്ലല്ലോ.

പുറത്തേക്കൊന്നും ഇറങ്ങേണ്ട... ഇവിടെയിരുന്ന് വല്ല പടവും വരച്ചോളൂ എന്നു പറഞ്ഞു അച്ഛൻ ഓരോ ബുക്ക് മേടിച്ചു തന്നിട്ടുണ്ട്. അത് മുഴുവൻ വരച്ചു തീരാനായി. ഇനി കുറച്ചു പേജുകളെ ഉള്ളൂ. അതിൽ എന്റെ സ്കൂളിന്റെ ഒരു ചിത്രവും കൂടി വരയ്ക്കണം. അപ്പു പറഞ്ഞു.

അമ്മു നീ എന്താ ഇതുവരെ ചായ കുടിക്കാൻ വരാത്തത്. അമ്മു ഓർമ്മയിൽ നിന്ന് ഞെട്ടി എഴുന്നേറ്റു. അമ്മയുടെ സ്വരത്തിൽ ദേഷ്യം വരുന്നുണ്ട്. വേഗം ഒരുങ്ങി അപ്പുവിന്റെ അടുത്തുവന്നപ്പോൾ അവൻ പഴയ കളിപ്പാട്ടങ്ങൾ എല്ലാം മുറിയിൽ നിരത്തിയിട്ട് അതിൽ എന്തോ തിരയുകയാണ്. പാവം അങ്ങനെയെങ്കിലും അവൻ കളിക്കട്ടെ...

-ശ്രേയ ദിനേശൻ 6B

# മലയാള ഭാഷയുടെ മഹത്വം



കേരള നാടിൻറെ ഭാഷയായ മധുരമൂറുന്ന ഭാഷയായ മലയാളം നമ്മുടെ മാതൃഭാഷയാണ്.മലയാളം എന്നാൽ മാതൃഭാഷയാണ്. കേരളത്തിൽ ജനിച്ചുവീണ ഇവിടെ നാം അമ്മ എന്ന് വിളിക്കുന്ന, സംസാരിച്ചു തുടങ്ങുന്ന ഭാഷയാണ് മലയാളം. നാം ഓരോ മലയാളിയായതിൽ സന്തോഷിക്കാം. അതിൽ അഭിമാനിക്കാം. ഇതിനർത്ഥം ഇതര ഭാഷകൾ ഉപയോഗിക്കരുതെന്നല്ല. മഹാകവി വള്ളത്തോൾ പാടിയത് പോലെ "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യന്ന പെറ്റമ്മ തൻ ഭാഷ താൻ". മറ്റു ഭാഷകൾ നാം പഠിക്കുകയും അത് സംസാരിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ മലയാളം മറന്നു പോകരുത്. അത് നമ്മുടെ മാതൃഭാഷയാണ് . 2018 മെയ് പതിമൂന്നാം തീയതി കേന്ദ്രസർക്കാർ മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നൽകിയത് നമുക്ക് അഭിമാനകരമാണ്. ലോക സാഹിത്യത്തിൽ മുദ്രപതിപ്പിക്കാൻ കഴിഞ്ഞ കരുത്തുറ്റ കൃതികൾ മലയാളഭാഷയ്ക്കുണ്ട്. ബഷീറും തകഴിയുമൊക്കെ മലയാളികളുടെ എക്കാലത്തെയും അഭിമാനങ്ങളാണ്. ദ്രാവിഡ ഭാഷകളുടെ പുത്രിയും ദേവന്മാരുടെ ഭാഷയായ സംസ്കൃതത്തിൽ നിന്ന് രൂപപ്പെട്ട ഭാഷയാണ് മലയാളം. അതിൽ നമുക്ക് ഏറെ അഭിമാനിക്കാം. ഈ ഉപന്യാസത്തിലൂടെ നമുക്കൊരു പ്രതിജ്ഞ എടുക്കാം. മാതൃഭാഷയാകുന്ന അമൂല്യ രത്നത്തെ നമുക്ക് കാത്തുസൂക്ഷിക്കാം..... അതിനായി പ്രയത്നിക്കാം........

-പാർവതി എസ് നായർ
8A



# രാത്രിയിലെ പ്രകൃതി

ദൂരെ ആ മാനവീഥിയിൽ
മിന്നി മിന്നി തിളങ്ങും
വെൻതളിക കണക്കെ ശോഭിക്കുമാ പൊൻ ചന്ദ്രൻ
ആ വെണ്ണിലവിൻ അരികിൽ
മിന്നാമിനുങ്ങു കണക്ക്
അകലെ വിണ്ണിൻ
വിരിയും നക്ഷത്ര ഗണവും
താഴെവീണിൽ വിണ്ണിൽ തലയുയർത്തി
നിൽക്കും കൊച്ചു കേര മരതകതോപ്പും
നിലാവെളിച്ചത്തിൽ ദേവതയെ പോലെ
മന്ദമായി സപ്തസ്വരങ്ങൾ  മീട്ടി
ഒഴുകും പുഴകളും
തൂനിലാവിൻ പുഞ്ചിരിയേറ്റ്
മിഴി തുറക്കും പാതിരാ പൂക്കളും
രാത്രിയിലും പ്രകൃതി സുന്ദരി
ഹാ! പ്രപഞ്ചം എത്ര സുന്ദരം

എയ്ഞ്ചൽ ലിയാ മാത്യു

# സ്കൂൾ പ്രവർത്തനങ്ങൾ



# JUNIOR RED CROSS



# SCHOOL LIBRARY



# LITTLE KITES









# ONAM CELEBRATION










THANK YOU......